പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 957 11/07/2016 ൽ മറുപടിക്ക്

## റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) അരൂക്കുറ്റി വില്ലേജിലെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് ആലപ്പുഴ കളക്ടറേറ്റിൽ ലഭിച്ചിട്ടുള്ളത്; അതിൽ തീർപ്പുകൽപ്പിച്ചവ എത്ര എന്ന് വ്യക്തമാക്കാമോ; | (എ) അരൂക്കുറ്റി വില്ലേജിലെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് ചേർത്തല താലൂക്കാഫീസിൽ 4996 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 4277 അപേക്ഷകളിന്മേൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഇനിയും തീർപ്പുകൽപ്പിക്കാനുള്ള പരാതികൾ എത്ര; തീർപ്പാക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) 719 അപേക്ഷകൾ. ഈ അപേക്ഷകളിൽ സർവ്വേയറുടെ ഫീൽഡ് പരിശോധന, ഡ്രാഫ്റ്റ്സ്മാന്റെ സൂക്ഷ്മ പരിശോധന, ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ അംഗീകാരം ലഭ്യമാക്കുക തുടങ്ങിയ നടപടികൾ നടന്നു വരുന്നു. |
| (സി) പ്രസ്തുത പരാതികളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) സർവ്വേയറുടെ ഫീൽഡ് പരിശോധനാ സമയത്ത് വ്യക്തമായ കൈവശ വസ്തു ഇല്ലാതിരിക്കുക, വ്യക്തമായ അതിരടയാളം ഉണ്ടാകാതിരിക്കുക, അതിർത്തി തർക്കം ഉള്ളവ, ഒറിജിനൽ പ്രമാണങ്ങൾ ഹാജരാക്കാത്തവ തുടങ്ങിയ അപേക്ഷകളിന്മേലാണ് നടപടി സ്വീകരിക്കുവാൻ കാലതാമസം നേരിട്ടു വരുന്നത്. |
| (ഡി) ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി ബഹു. മന്ത്രി കൂടി ഉൾപ്പെടുന്ന ഒരു അദാലത്ത് സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ